# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോയിപ്രം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി8- 960/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 20/09/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോയിപ്രം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി8- 960/23 തീയ്യതി: 20/09/2023

## പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 24-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-08-2023 | 24-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അജ്മൽ എ.എസ്., ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരികുമാർ എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത റ്റി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആശ എം. കുരുവിള, ഓഡിറ്റർ

ശ്രീമതി സിന്ധുമോൾ വി.എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ആശ സി.ജി. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി റുബീന എം. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ശ്രീജിത് എ.എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 16-09-2022 |
| ശ്രീമതി അണിമ സുഭാഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 17-09-2022 | 21-09-2022 |
| ശ്രീ. അലക്സാണ്ടർ എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 22-09-2022 | 31-03-2023 |
| ഡോ. വിമിത മുരളി | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.മീര രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. മിനി ബി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ. സുരേഷ് കുമാർ പിള്ള | വെറ്റിനറി സർജൻ | 01-04-2022 | 04-09-2022 |
| ഡോ. സൂസൻ ജോസഫ് | വെറ്റിനറി സർജൻ | 05-09-2022 | 31-03-2023 |
| ശ്രീമതി രജനി രവീന്ദ്രൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി ബിന്ദു എസ്.എൻ. | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി ഉഷ കെ.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. ഒബി ആർ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. ശ്രീകുമാർ ജെ. | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 01-04-2022 | 30-01-2023 |
| ശ്രീമതി ശിൽപ പ്രദീപ് | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 31-01-2023 | 31-03-2023 |
| ശ്രീ. ബിനോയ് കെ.ബി. | കൃഷി ഓഫീസർ | 01-04-2022 | 27-07-2022 |

| | | | |
|---|---|---|---|
| ശ്രീമതി സൂസൻ തോമസ് | കൃഷി ഓഫീസർ | 28-07-2022 | 31-03-2023 |
| ശ്രീമതി ഷീന എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പുല്ലാട് സർക്കിൾ | 01-04-2022 | 05-01-2023 |
| ശ്രീമതി ധന്യ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പുല്ലാട് സർക്കിൾ | 06-01-2023 | 07-02-2023 |
| ശ്രീമതി ഷീന എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പുല്ലാട് സർക്കിൾ | 08-02-2023 | 31-03-2023 |
| ശ്രീ. അരുൺ എ.എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കോയിപ്രം സർക്കിൾ | 01-04-2022 | 13-12-2022 |
| ശ്രീമതി ഷീന എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കോയിപ്രം സർക്കിൾ | 14-12-2022 | 05-01-2023 |
| ശ്രീമതി ധന്യ എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കോയിപ്രം സർക്കിൾ | 06-01-2023 | 07-02-2023 |
| ശ്രീമതി ഷീന എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കോയിപ്രം സർക്കിൾ | 08-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | നിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-3 |
| 5 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല | 1-1-4 |
| 6 | നിക്ഷേപ പ്രവൃത്തികൾ- രജിസ്റ്ററും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ഇല്ലാത്ത ആസ്തിക്ക് ഡിപ്രീസിയേഷൻ അക്കൗണ്ട് ചെയ്തു | 1-1-6 |
| 8 | കാഷ് ഫ്ലോ പത്രിക- കാൽക്കുലേഷൻ കൃത്യമല്ല | 1-1-7 |
| 9 | ഡിമാന്റുകൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-8 |
| 10 | ബാധ്യത ഹെഡുകൾ പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ആസ്തികളുടെ മൂല്യനിർണയം; ക്രോഡീകരണം സമഗ്രമല്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസിപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്) | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | തനത് വിഭവ സമാഹരണം- അവലോകനം | 1-11 |
| 22 | രസീതുബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ | 1-12 |
| 23 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല | 1-13 |
| 24 | വാടക -കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു | 1-14 |
| 25 | ലൈസൻസ് പിരിവ്- അപാകങ്ങൾ | 1-15 |
| 26 | ഇ-ടെണ്ടർ ഫീ: അസി: എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലെ തുക കൈമാറിയില്ല | 1-16 |

| | | |
|---|---|---|
| 27 | ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു | 1-17 |
| 28 | ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-18 |
| 29 | വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-19 |
| 30 | ലൈഫ് ഭവന പദ്ധതി- ഇല്ലാത്ത വായ്പയ്ക്ക് വികസന ഫണ്ടിൽ നിന്നും തുക കുറവ് ചെയ്തു | 1-20 |
| 31 | പൊതുടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധനയുടെ തുടർനടപടികൾ പൂർത്തിയാക്കിയില്ല. ലക്ഷങ്ങളുടെ പഞ്ചായത്ത് ഫണ്ട് പാഴാകുന്നു | 1-21 |
| 32 | സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം -പുരോഗതി സംബന്ധിച് | 1-22 |
| 33 | മരണപ്പെട്ടവരെയും, അനർഹരെയും സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും സമയബന്ധിതമായി ഒഴിവാക്കുന്നില്ല | 1-23 |
| 34 | സാന്ത്വന പരിചരണം - വാഹന വാടകനൽകിയതു സംബന്ധിച്ച് | 1-24 |
| 35 | സംയുക്ത പദ്ധതികളുടെ നിർവ്വഹണം- മുൻവർഷങ്ങളിൽ ലഭിച്ച 58,93,728 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-25 |
| 36 | പാതിവഴിയിൽ ഉപേക്ഷിച്ച സ്വപ്നപദ്ധതിയ്ക്ക് പുതുജീവൻ നൽകാൻ ശ്രമം ഉണ്ടാകേണ്ടതാണ് | 1-26 |
| 37 | റോഡിതര സംരക്ഷണ ഗ്രാന്റ് നഷ്ടപ്പെടുത്തിയത്-22.86 ലക്ഷം രൂപ | 1-27 |
| 38 | മരാമത്ത് പ്രവൃത്തികളിൽ സ്പിൽ ഓവർ പ്രവൃത്തികൾ കൂടുന്നു | 1-28 |
| 39 | 'ടേക്ക് -എ- ബ്രേക്ക് ' പദ്ധതി- കേസിനെ തുടർന്ന് പദ്ധതി മുടങ്ങിക്കിടക്കുന്നു | 1-29 |
| 40 | മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പെട്ടവർക്ക് ആനുകൂല്യം നൽകുന്നു | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 06-07-2023 ലെ 2(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 19-07-2023 ൽ പിന്നുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീരാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്നുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ
20.9.2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62(2)F നിർദ്ദേശിക്കപ്പെട്ട പ്രകാരം സെക്രട്ടറിയുടെ കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ (Ratios) എന്നിവ സംബന്ധിച്ച പത്രികകകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 നിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി-12: Investment-Fixed Deposits - വാർഷിക ധനകാര്യ പത്രികയിലെ തുകയും (രൂ. 99,12,557) യഥാർത്ഥ നീക്കിയിരിപ്പ് തുകയും (നിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരം-രൂ. 10135560) തമ്മിൽ 2,23,003 രൂപയുടെ വ്യത്യാസമുണ്ട്.

### 1-1-3 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ അക്കൗണ്ടിംഗ് കൃത്യമല്ല

ഷെഡ്യൂൾ ബി-3: Reserves- Capital Contribution -വിവിധ ശീർഷകങ്ങളിലായി അക്കൗണ്ട് ചെയ്തിരിക്കുന്ന തുകകൾക്ക് കൃത്യതയില്ല. തൻവർഷം സൃഷ്ടിച്ച ആസ്തികൾക്ക് തുല്യമായ തുകയല്ല വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 1-1-4 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല

ഷെഡ്യൂൾ ബി-11(b): Capital Work In Progress- അക്കൗണ്ട് ബാലൻസായി 12,95,605 രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ഈ ഹെഡിലെ മുന്നിരിപ്പ് തുക ക്രമീകരിച്ചിട്ടില്ല. ആയതിന് കൃത്യമായ രേഖകൾ സമർപ്പിച്ചില്ല.

### 1-1-5 നിക്ഷേപ പ്രവൃത്തികൾ- രജിസ്റ്ററും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി-18: Loans, Advance, & Deposits- നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ നീക്കിയിരിപ്പ് കൃത്യമല്ല. മുൻവർഷങ്ങളിൽ നിക്ഷേപിച്ച തുക ക്രമീകരിച്ചതിന്റെ വിവരം അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിന് കൃത്യമായ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

### 1-1-6 ഇല്ലാത്ത ആസ്തിക്ക് ഡിപ്രീസിയേഷൻ അക്കൗണ്ട് ചെയ്തു

ഷെഡ്യൂൾ ബി-11(a): Accumulated Depreciation Waterways- ആസ്തി ഹെഡിൽ ഉൾപ്പെടാത്ത ഇനത്തിന് Depreciation അക്കൗണ്ട് ചെയ്തിരിക്കുന്നു.

### 1-1-7 കാഷ് ഫ്ലോ പത്രിക- കാൽക്കുലേഷൻ കൃത്യമല്ല

കാഷ് ഫ്ലോ പത്രികയിലെ ആകെ കാഷ് ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-8 ഡിമാന്റുകൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൻ നികുതി, ലൈസൻസ് എന്നീ വരുമാനം സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല.

### 1-1-9 ബാധ്യത ഹെഡുകൾ പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി-9- Other Liabilities- Recoveries Payable CGST, SGST, VAT - Payable ആയി രേഖപ്പെടുത്തിയിട്ടുള്ള തുകകൾ കൃത്യമല്ല.

### 1-1-10 ആസ്തികളുടെ മൂല്യനിർണയം; ക്രോഡീകരണം സമഗ്രമല്ല

ആസ്തി രജിസ്റ്റർ സമഗ്രമല്ല. നിലവിലുള്ള അസറ്റ് രജിസ്റ്ററിന്റെ വ്യക്തതയില്ലാത്ത ഡിസൈൻ മൂലം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യം അസറ്റ് രജിസ്റ്ററിൽ ട്രേസ് ചെയ്യാൻ കഴിയുന്നില്ല.

### 1-2 ബജറ്റ്

15607870 രൂപ മുന്നിരിപ്പും 260986340 രൂപ വരവും 265974000 രൂപ ചെലവും 10620210 രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബജറ്റ് 25.03.2022 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 18.03.2023 തീയതിയിലെ 1(1)- നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസിപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്)

| | |
|---|---|
| മുന്നിരിപ്പ് | 18657864 |
| വരവ് | 44549029 |
| ആകെ | 63206893 |
| ചെലവ് | 39144806 |
| നീക്കിയിരിപ്പ് | 24062087 |

ഇൻകം ആൻഡ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | |
|---|---|
| വരവ് | 127999410 |
| ചിലവ് | 122204359 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 16790060 | 16790060 | 13574175 | 3215885 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 9861000 | 9861000 | 8389971 | 1471029 |
| വികസന ഫണ്ട്-ടി.എസ്.പി | ,, | 337200 | 337200 | 263995 | 73205 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 2761585 | 6144710 | 8906295 | 2136886 | Lapse-1670710<br>Balance-5098699 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 1629770 | 3177141 | 5000801 | 3314510 | Balance- 1686291 |
| | പലിശ | 193890 | | | |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ,, | 11296700 | 11296700 | 9911433 | 1385267 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | ,, | 6005000 | 6005000 | 3718576 | 2286424 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ലൈബ്രറി ഗ്രാന്റ് | 809 | 11910 | 12719 | 12230 | 489 |
| ശുചിത്വ മിഷൻ | 2427169 | 235084 | 2662253 | 976392 | 1685861 |
| ബയോഡൈവേഴ്സിറ്റി ഫണ്ട് | 12000 | 1473 | 13473 | 7500 | 5973 |
| ലൈഫ് -സംസ്ഥാനം വിഹിതം | 1313428 | 294790 | 1608218 | 1167373 | 440845 |
| ആയുർവേദം-അടിസ്ഥാന വികസനം | -- | 500000 | 500000 | -- | 500000 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ്. | 37320 | 901528 | 938848 | 32305 | 906543 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 2958 | 16166350 | 16169308 | 16164574 | 4734 |
| ഹെൽത്ത് ഗ്രാന്റ് | -- | 456336 | 456336 | 375101 | 81235 |
| പൈക്ക | 126673 | 3648 | 130321 | 118 | 130203 |
| എസ്.എസ്.എ. | 189413 | -- | 189413 | -- | 189413 |
| മറ്റ് ഗ്രാന്റുകൾ , അവാർഡുകൾ | | | | | |
| കില പരിശീലനം | 19940 | 25650 | 45590 | 45590 | -- |

കുറിപ്പ്:

1. G.O(Rt) No. 8253/2022/Fin തീയതി: 05-12-2022 പ്രകാരം 33,26,000 രൂപ റോഡ് വിഭാഗത്തിൽ അനുവദിച്ചുകൊണ്ട് ഉത്തരവായെങ്കിലും പ്രസ്തുത ഫണ്ട് ഗ്രാമപഞ്ചായത്തിൽ ലഭിച്ചില്ല.

2. G.O(Rt) No. 1049/2023/Fin തീയതി: 13-02-2023 പ്രകാരം, നികുതി പിരിവ് കുറഞ്ഞതിനാൽ ആകെ വിഹിതത്തിൽ നിന്നും (ജനറൽ) 170740 രൂപ കുറവ് വരുത്തി. കൂടാതെ 113200 രൂപ റ്റി.എസ്.പി.യിലേക്ക് പരിഹാര വകയിരുത്തലും നടത്തിയിട്ടുണ്ട്.

3. സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, അങ്കണവാടി അധിക വേതനം നൽകുന്നതിനായി വികസന ഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത 11,82,600 രൂപ വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 186 | 102507977 | 136 | 4,94,18,775 | 50 | 48.21% |

(2) വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവും ചുവടെ ചേർക്കുന്നു.

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|
| ഉൽപ്പാദനം | 5548616 | 4403329 | 79.36 |
| സേവനം | 74710587 | 30485194 | 40.8 |
| പശ്ചാത്തലം | 22248774 | 14530252 | 65.31 |
| ആകെ | 102507977 | 49418775 | 48.21 |

(3) 2022-23-ൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരു-ത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 5 | 4659500 | 3276150 |
| 2 | സെക്രട്ടറി | 30 | 23 | 10195520 | 6297661 |
| 3 | മെഡിക്കൽ ഓഫീസർ, | 7 | 7 | 2269494 | 1983568 |

| | | | | | |
|---|---|---|---|---|---|
| | എഫ്.എച്ച്.സി. | | | | |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 814463 | 814463 |
| 5 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 40000 | 16000 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-പുല്ലാട് | 16 | 14 | 35592000 | 9680000 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-കോയിപ്രം | 14 | 6 | 4648660 | 943980 |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 4508406 | 3668968 |
| 9 | കൃഷി ഓഫീസർ | 9 | 9 | 2642116 | 2639858 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1100000 | 850000 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ | 79 | 47 | 33769638 | 17295145 |
| 12 | വെറ്ററിനറി സർജൻ | 6 | 6 | 1278800 | 1009750 |
| 13 | ഹെഡ്മാസ്റ്റർ | 5 | 5 | 989380 | 943232 |
| | ആകെ | 186 | 136 | 102507977 | 49418775 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2958 | 2207923 | 2210881 | 2206147 | 4734 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13958427 | 13958427 | 13958427 | 0 |
| ആകെ | 2958 | 16166350 | 16169308 | 16164574 | 4734 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1422400 | 5 |
| വിധവാപെൻഷൻ | 9926400 | 35 |
| വാർദ്ധക്യകാല പെൻഷൻ | 26470800 | 137 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3249200 | 13 |
| അവിവാഹിതരായ 50 വയസ്സിനുമേൽ | 242600 | 2 |

| | | |
|---|---|---|
| പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | | |
| തൊഴിൽരഹിത വേതനം | 1440 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.08.2023ന് 3.30 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 58160 രൂപ (അമ്പത്തിയെണ്ണായിരത്തി ഒരുനൂറ്റി അറുപത്) ക്യാഷ് ബാലൻസിന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും വിവിധ മേഖലകളിലുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

1) ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിലെ 17-08-2023 തീയതിയിലെ കണക്കുകളനുസരിച്ച് 240 ഫയലുകൾ തീർപ്പാക്കുവാൻ ബാക്കിയുണ്ട്. സമയപരിധി കഴിഞ്ഞ 221 ഫയലുകളും ന്യൂനതകൾ പരിഹരിക്കുവാനുള്ള 19 ഫയലുകളും ഇവയിൽ ഉൾപ്പെടുന്നു. ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാകുന്നുണ്ടോ എന്ന് സെക്രട്ടറിയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്.

2) മോണിറ്ററിംഗ് ഫലപ്രദമാകുന്നില്ല

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മോണിറ്ററിംഗ് സംബന്ധിച്ച വിശദാംശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തുന്നില്ല.

3) പ്രതിമാസ വരവുചെലവു കണക്ക് പരിശോധന

പ്രതിമാസ വരവുചെലവു കണക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടേയും രേഖകളുടേയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശിപാർശ ചെയ്യുന്ന വരവുചെലവു കണക്കുകൾ ജനറൽ കമ്മിറ്റി വിശദമായി ചർച്ച ചെയ്തു അംഗീകരിക്കേണ്ടതാണ്.

4) വരുമാന വർദ്ധനവ്

തനത് വരുമാനവർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

5) ആസ്തി രജിസ്റ്റർ – അപാകത

ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കാലികമാക്കി സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ ആയത് ഉൾപ്പെടുന്ന വാർഡുകൾ രേഖപ്പെടുത്തുന്നില്ല.

അപാകങ്ങൾ പരിഹരിക്കുന്നതിനു അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.11.2012 | 2007-08 മുതൽ 2011-12 വരെ | 19.02.2013 |
| പെർഫോമൻസ് ഓഡിറ്റ് | 22.6.22-23.6.22 | 01/2022 മുതൽ 03/2022 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 തനത് വിഭവ സമാഹരണം- അവലോകനം

സർക്കാർ ഗ്രാന്റിനു പുറമെ വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, വാടക തുടങ്ങിയവയാണ് ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല. കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവയിൽ നിന്നുള്ള വരുമാനമാണ് പഞ്ചായത്തിന്റെ മുഖ്യ തനത് വരുമാനം.ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലായി 1852 കെട്ടിടങ്ങളാണ് വസ്തുനികുതി അസ്സസ്സ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ളത്.

<u>വസ്തുനികുതി</u>

പഞ്ചായത്തിലെ വിവിധ നികുതി/ നികുതിയേതര വരവുകളുടെ ഡിമാന്റിംഗ് -പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മീറ്റിങ്ങുകളിൽ ചർച്ച ചെയ്യുന്നുണ്ട്.വസ്തു നികുതി വരുമാനത്തിന്റെ അവലോകനം ഓരോ മാസവും നടത്തുന്നുണ്ടെങ്കിലും ഓരോ മാസത്തിന്റെയും അവസാനം ശേഷിക്കുന്ന വസ്തു നികുതിക്ക് ഡിമാന്റ് എൻട്രി സമയ ബന്ധിതമായി വരുത്തുന്നില്ല. ഓൺലൈൻ സംവിധാനത്തിലൂടെ വസ്തു നികുതി അടവാക്കുന്നത് ലഭ്യമാകുന്നത് IKM പോർട്ടൽ വഴിയായതിനാൽ ഗ്രാമപഞ്ചായത്തിന് തുക ലഭ്യമാകുവാൻ കാലതാമസം ഉണ്ടാകുന്നു. പഞ്ചായത്തിലെ സഞ്ചയ ഡാറ്റാബെയ്സ് പ്രകാരമുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കിയിട്ടുണ്ട്. ILGMS-ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കുന്നതുമൂലം വരുമാനനഷ്ടം ഉണ്ടായിട്ടില്ല.

ബജറ്റിലെ പ്രതീക്ഷിത വസ്തു നികുതി വരവ് 7370000 രൂപയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നികുതി പിരിവ് 7318873 രൂപയുമാണ്. 2022-23 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഡിമാന്റ് -കളക്ഷൻ തുകയുടെ വിവരം (വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ളത് )താഴെ ചേർക്കുന്നു.

| വസ്തുനികുതി നികുതി തരം | ഡിമാന്റ് | കളക്ഷൻ | ശതമാനം |
|---|---|---|---|
| പാർപ്പിടം (തൻ വർഷം) | 3957934 | 3660414 | 92 |
| പാർപ്പിടം(കുടിശ്ശിക) | 1340692 | 742719 | 55 |
| പാർപ്പിടേതരം(തൻവർഷം) | 2662195 | 2525285 | 95 |
| പാർപ്പിടേതരം(കുടിശ്ശിക) | 855806 | 390455 | 46 |

<u>പുതുക്കിയ നിരക്കിലെ വസ്തു നികുതി</u>

തദ്ദേശ സ്വയംഭരണ(ആർസി) വകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)നം. 77/2023/LSGD പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. വസ്തു നികുതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിച്ചിട്ടുണ്ട്.സ.ഉ 25/2023/തസ്വഭവ ; 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 28/04/2023 ലെ 2(1) നം. തീരുമാനം പ്രകാരം ഗ്രാമപഞ്ചായത്തിലെ ഓരോ വിഭാഗം കെട്ടിടങ്ങളുടേയും അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കരട് തയ്യാറാക്കി 03.05.2023 തീയതിയിൽ വിജ്ഞാപനം പുറപ്പെടുവിച്ചു. തുടർന്ന് 16.06.2023 ലെ 2(1) നം.തീരുമാനം പ്രകാരം

അടിസ്ഥാന നികുതി അന്തിമ നിരക്കുകൾ തയ്യാറാക്കി 19.07.2023 ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട് (പത്രത്തിൽ പ്രസിദ്ധീകരിച്ച തീയതി 21.07.2023). ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെ വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.ഗ്രാമപഞ്ചായത്തിൽ 4,9 ഒഴികെയുള്ള വാർഡുകളിൽ 3 മേഖലയും ഉൾപ്പെടുന്നു. 4,9 എന്നീ വാർഡുകളിൽ ദ്വിതീയം, തൃതീയം എന്നിവ മാത്രമാണ് ഉൾപ്പെടുന്നത്.

നിലവിൽ സേവന ഉപനികുതി ഈടാക്കുന്നുണ്ട്. ക്യാമ്പ് കളക്ഷൻ , വീടുകളിൽ നേരിട്ടെത്തി നികുതി പിരിവ് നടത്തിയും കളക്ഷൻ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അനധികൃത നിർമ്മാണങ്ങൾ

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 8 കെട്ടിടങ്ങളെ അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാർപ്പിടാവശ്യത്തിനുള്ള ഈ കെട്ടിടങ്ങളുടെ വസ്തു നികുതി നിയമപ്രകാരം ഈടാക്കിയിട്ടുണ്ട്. 2011 ലെ കേരള ഗ്രാമപഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫോറം-10 ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് U.A എന്ന് രേഖപ്പെടുത്തേണ്ടതും അനധികൃതനിർമ്മാണം കണ്ടെത്തിയ വർഷവും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

തൊഴിൽ നികുതി

തൊഴിൽ നികുതിരജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങൾക്കും ഡിമാൻറ് നോട്ടീസ് യഥാ സമയം നല്കി ചട്ട പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് മാത്രമേ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളു. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ - സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കേണ്ടതാണ് എന്നാൽ ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളും സ്ഥാപന മേധാവികളും കൈമാറുന്ന നികുതി പത്രികകൾ പ്രകാരമുള്ള തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്ക് വരുത്താറുണ്ട്. വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററുകളിലെയും ഡിമാന്റ്-കളക്ഷൻ -ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്, ഇത് സംബന്ധിച്ച രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ജീവനക്കാർ | 1688710 | 1656210 | 0 (പഞ്ചായത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതിയായ 32500/- കളക്ഷനായി ചേർത്തിട്ടില്ല.) |
| ട്രേഡേഴ്സ് | 643100 | 643100 | 0 |
| ഇൻസ്റ്റിറ്റ്യൂഷൻ | 137500 | 133750 | 3750 |

കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ലൈസൻസ്

ലൈസൻസ് ഫീസിന്റെ തൻവർഷത്തെ ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ലൈസൻസ് ഫീസ് | 580050 | 580050 | 0 |

പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നില്ല.വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ്, പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പിക്കാൻ സാധിക്കുന്നില്ല._വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലൂടെയും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാരസ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിലൂടെയും വരുമാന വർദ്ധനവ് നേടാവുന്നതാണ്.

വിനോദ നികുതി

കേബിൾ.ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

ലേലം

ലേലത്തിന്റെ തൻവർത്തെ ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ലേലം | 17250 | 17250 | 0 |

ഗ്രാമപഞ്ചായത്തിലെ ചാലുകൾ, കുളങ്ങൾ, ഉപയോഗശൂന്യമായ വസ്തുക്കൾ തുടങ്ങിയവ ലേലം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്തിലെ 4 മാർക്കറ്റ് സ്റ്റാളുകളുടെ ലേലം (സ്റ്റാൾ നമ്പർ. 33,37,39,42) , ഗ്രാമപ്പഞ്ചായത്തിന്റെ പുറമ്പോക്ക് പ്രദേശത്തുള്ള നെടുംങ്കണ്ടം ചാലിൽ നിന്നും മീൻ പിടിക്കുന്നതിനുള്ള അവകാശം എന്നീ ലേലങ്ങൾ 2022-23 സാമ്പത്തിക വർഷം നടന്നിട്ടില്ല. ലേലം, പുനർലേലം എന്നിവ നടത്തിയതിനു ശേഷവും ആരും ലേലം പിടിക്കുന്നതിന് മുന്നോട്ട് വരാത്ത പക്ഷം ക്വട്ടേഷൻ ക്ഷണിച്ച് അവകാശം നൽകി പഞ്ചായത്തിന് വരുമാനം നഷ്ടം ഉണ്ടാകാതിരിക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാടക

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളിൽ നിന്നും വാടകകുടിശ്ശികയിനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 206230 രൂപ ഈടാക്കാനവശേഷിക്കുന്നു. 2023-24 സാമ്പത്തിക വർഷം കുടിശ്ശികയിനത്തിൽ 71000 രൂപ ഈടാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന തുക ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
വാടക ഇനത്തിലുള്ള തൻവർത്തെ ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാടക (തൻ വർഷം) | 1020932 | 916822 | 104110 |
| വാടക (കുടിശ്ശിക) | 110260 | 8140 | 102120 |

വിഭവ സമാഹണത്തിന്റെ ഭാഗമായി ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട കടമകൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും വിഭവ സമാഹരണത്തിലെ ചോർച്ച ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാനവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.സാധ്യമായ എല്ലാവഴികളും സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-12 രസീതുബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിതരണം ചെയ്ത രസീതുബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ( ഉദാ.ബുക്ക് നം.54334, 54335,54340,54344)

പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണോദ്യോഗസ്ഥർക്കും വിതരണം ചെയ്യുന്ന എല്ലാ രസീതുബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്, വിതരണവിവരം ഇവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ( ഉദാ.ബുക്ക് നം.54339)

ക്യാൻസൽ ചെയ്യുന്ന രസീതുകൾ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല(ഉദാ: രസീത് ബുക്ക് 54341 രസീത് നം.28, 69 രസീത് ബുക്ക് 54342 രസീത് നം.56, 87)

മേൽ സൂചിപ്പിച്ച അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. പഞ്ചായത്ത് പ്രദേശത്ത് സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഉൾപ്പെടെയുള്ള തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് 481 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് . അവയിൽചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളു. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. . ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് മൂലം ഗ്രാമ പഞ്ചായത്തിന് വലിയ വരുമാന നഷ്ടമുണ്ടാവുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന തൊഴിൽനികുതി രജിസ്റ്റർ, റിട്ടേണുകൾ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | പോസ്റ്റോഫീസ്, കുന്നത്തുകര | 1 & 11 |
| 2 | പോസ്റ്റോഫീസ്, വരയന്നൂർ | 11 |
| 3 | ത്രിവേണി സൂപ്പർമാർക്കറ്റ്,പുല്ലാട് | 1 & 11 |
| 4 | ഒലിവ് ഹൈപ്പർമാർക്കറ്റ്,പുല്ലാട് | 11 |
| 5 | പൂവത്തൂർ ക്ഷീരോല്പാദക സഹകരണ സംഘം | 1 & 11 |
| 6 | റേഷൻകടകൾ | 1 & 11 |
| 7 | പെരുമേത്ത് ഫിനാൻസ്, പുല്ലാട് | 1 & 11 |

2. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | പൂവത്തൂർ ക്ഷീരോല്പാദക സഹകരണ സംഘം | 1 & 11 |
| 2 | കുമ്പനാട് ക്ഷീരോല്പാദക സഹകരണ സംഘം | 1 & 11 |
| 3 | റേഷൻകടകൾ | 1 & 11 |
| 4 | പെരുമേത്ത് ഫിനാൻസ്, പുല്ലാട് | 1 & 11 |

3. 2022-23സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരമുള്ള സ്ഥാപന ത്തിലെ ജോലി ക്കാരുടെ എണ്ണം |
|---|---|---|
| 1 | നാഷണൽ സിമന്റ് പ്രൊഡക്ട്സ് , പുല്ലാട് | 9 |
| 2 | ലാൽ മാച്ച് ഉൻഡസ്ട്രീസ് , കുമ്പനാട് | 6 |

| | | |
|---|---|---|
| 3 | ഡെന്റൽ സ്പെഷ്യാലിറ്റി സർജിക്കൽ & ഇംപ്ലാന്റ് സെന്റർ | 10 |
| 4 | ടേസ്റ്റ് ഓഫ് ബതാനിയ, കുമ്പനാട് | 5 |
| 5 | പ്ലാംതോട്ടത്തിൽ ഹോളോബ്രിക്സ് | 5 |
| 6 | വാലറ്റ് എക്സ്പ്രസ്സ് | 5 |
| 7 | ജെ.ജെ സ്കാൻ&ഡയഗനോസ്റ്റിക്സ് സെന്റർ, കുമ്പനാട് | 4 |
| 8 | മൈ ബേക്ക് വേൾഡ് ബേക്കേഴ്സ്&കേറ്ററേഴ്സ്, നെല്ലിമല | 7 |
| 9 | ബെന്നി ട്രേഡേഴ്സ്, കുമ്പനാട് | 3 |
| 10 | എൻ&ഡി ട്രേഡിംഗ്, കുമ്പനാട് | 4 |

4. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്നതും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ളതുമായ ഭഗവതിക്കാവ്, ശാസ്താംകാവ്, കടപ്ര മലനട എന്നീ ക്ഷേത്രങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.9/21.08.2023) മറുപടി ലഭ്യമാക്കിയില്ല. ഇവർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. ഭരണസമിതിയുടെയും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

5. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2022-23 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ എറ്റെടുത്തു ചെയ്ത 12കരാറുകരിൽ 6 പേർ മാത്രമാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളതെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. തൊഴിൽ നികുതി അടവാക്കാത്തവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഹരിഹരൻ

2. മാത്യു കെ ചാക്കോ

3. ജേക്കബ് കുര്യൻ

4. രാജീവ് കുമാർ പി.ആർ

5. ബിനു ജോൺ

6. ഷൈജു പി.ബി

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.മേൽപ്പറഞ്ഞ കരാറുകാർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

6.സ്വയം തൊഴിൽ ചെയ്യുന്നവരിൽനിന്ന് നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിനു പുറത്തോ വിവിധ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽനിന്ന് തൊഴിൽനികുതി പിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആധാരമെഴുത്തുകാർ, അഭിഭാഷകർ, ഡോക്ടർമാർ, വാണിജ്യ വാഹന ഉടമകൾ, കേബിൾ ടി വി ഓപ്പറേറ്റർമാർ, പത്ര ഏജന്റുമാർ തുടങ്ങി നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ വലിയൊരു വിഭാഗം ആളുകൾ നിലവിൽ തൊഴിൽനികുതി അടയ്ക്കാതിരിക്കുന്നത് പഞ്ചായത്ത് നികുതി ഡിമാൻഡ് ചെയ്യാത്തതിനാലാണ്. പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ

നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-14 വാടക -കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കടമുറികളിൽനിന്ന് വാടക ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

2022-23 സാമ്പത്തിക വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ, അരിയർ രജിസ്റ്റർ എന്നിവ പ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ താഴെപ്പറയുന്ന കടമുറികൾ വാടകയ്ക്കെടുത്ത വ്യക്തികളിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്ന വാടകക്കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരുടെ പേര്, വിലാസം | കെട്ടിട നം | കുടിശ്ശിക കാലയളവ് | വാടക കുടിശ്ശിക |
|---|---|---|---|---|
| 1 | ജോർജ്ജ് ജോൺ<br>പുത്തൂർ,പുല്ലാട് | 1 | 2021-22 | 29520 |
| 2 | ഷാജി എ.കെ<br>അഞ്ചുപുരയ്ക്കൽ, പുല്ലാട് | 40 | 2021-22 | 39600 |
| 3 | അനിൽ കുമാർ പി.കെ<br>പാറയിടം, കുറവൻകുഴി | 41 | 2021-22 | 33000 |
| 4 | അജിത് റ്റി.ഡേവിഡ്<br>തെക്കേക്കണ്ണാട്ട്,ഇരവിപേരൂർ | 38 | 2022-23 | 33110 |

കുടിശ്ശിക ഈടാക്കുന്നതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 23-24 കാലയളവിൽ 26.6.23, 19.07.23, 27.07.23 എന്നീ തീയതികളിൽ ആർ. ആർ. ഓൺലൈൻ പോർട്ടൽ വഴി അവശേഷിക്കുന്ന തുക ഈടാക്കുന്നതിന് റെവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി കളക്ടർക്ക് ഫയൽ സമർപ്പിച്ചിട്ടുണ്ടെന്ന മറുപടി സെക്രട്ടറി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 ലൈസൻസ് പിരിവ്- അപാകങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും തന്നെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ 2022-23 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം 481 സ്ഥാപനങ്ങൾക്കാണ് തൻവർഷം ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും ലിസ്റ്റ് അപൂർണ്ണമാണ്. വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി 17 വാർഡുകളിലായി 1852 കെട്ടിടങ്ങളാണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുള്ളത്.

2022-23 വർഷത്തെ ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.ഓഡിറ്റ് വർഷം ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന ചില സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | വിൻഡോ ഡ്രേപ്പ്സ് കർട്ടൻസ്&ബ്ലൈൻഡ്സ്, പുല്ലാട് |
| 2 | വിശാൽ അലൂമിനിയം ഫാബ്രിക്കേഷൻസ്& എഞ്ചിനീയറിംഗ് വർക്സ്, പുല്ലാട് |
| 3 | ഗുഡ് ടൈം എന്റർപ്രൈസസ് (ബി.എസ്.എൻ.എൽ) പുല്ലാട് |
| 4 | ക്രിയേറ്റീവ് ഡിസൈനിംഗ്&പ്രിന്റിംഗ് , പുല്ലാട് |
| 5 | ഭാഗ്യദേവത ലോട്ടറി ഏജൻസി,പുല്ലാട് |

| | |
|---|---|
| 6 | കുമ്പനാട് ക്ഷീരോല്പാദക സംഘം |
| 7 | പൂവത്തൂർ ക്ഷീരോല്പാദക സംഘം |
| 8 | പ്രൈം കംപ്യൂട്ടേഴ്സ് (മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കംപ്യൂട്ടർ എജ്യൂക്കേഷൻ ),പുല്ലാട് |
| 10 | പെരുമേത്ത് ഫിനാൻസ്, പുല്ലാട് |

2. റേഷൻ റീട്ടെയിൽ ഷോപ്പുകളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ 2 റേഷൻഡിപ്പോകളിൽ നിന്ന് ( XII/817, 11/305) മാത്രമാണ് ലൈസൻസ് ഫീസ്, ഈടാക്കിയിട്ടുള്ളത്. നിലവിലെ ചട്ടങ്ങൾ പ്രകാരം എല്ലാ റേഷൻഡിപ്പോകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കിയശേഷം വിവരം അറിയിക്കേണ്ടതാണ്.

3. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കാനുള്ള അപേക്ഷ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുപ്പതു ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. തൻവർഷം ലൈസൻസ് എടുത്ത 481 സ്ഥാപനങ്ങളിൽ 175 സ്ഥാപനങ്ങൾ മാത്രമാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ലൈസൻസ് എടുത്തിട്ടുള്ളത്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.

4. 2022-23 വർഷത്തിൽ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം നിക്ഷേപം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ, മോട്ടോറുകളുടെ കുതിരശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് ക്രമപ്രകാരമാണോയെന്ന് വിലയിരുത്തുന്നതിന് സാധിച്ചിട്ടില്ല. സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ മിക്ക ലൈസൻസ് അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് ലഭിക്കുന്നതിനായുള്ള പല അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശുപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 ഇ-ടെണ്ടർ ഫീ: അസി: എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലെ തുക കൈമാറിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഒടുക്കുന്നതിനായി ആരംഭിച്ച അക്കൗണ്ടിൽ അവശേഷിക്കുന്ന തുക നാളിതുവരെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേക്ക് മാറ്റിയിട്ടില്ല.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ആരംഭിച്ച അക്കൗണ്ടിൽ (അക്കൗണ്ട് നം. 38421968405 - എസ്.ബി.ഐ., കുമ്പനാട്) 22-08-2023 തീയതിയിൽ 276,173 രൂപ നീക്കിയിരുപ്പ് ഉണ്ട്. അക്കൗണ്ടിൽ മിനിമം ബാലൻസ് നിലനിർത്തി അവശേഷിക്കുന്ന തുക അടിയന്തിരമായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ

പേരിലുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

## 1-17 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ കന്നുകാലി ഫാമുകൾ നടത്തുന്ന ചുവടെ കൊടുത്തിരിക്കുന്ന വ്യക്തികൾ 2022-23 വർഷം കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ) 2012-പ്രകാരമുള്ള ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ.നം. | ഫാമിന്റെ വിവരങ്ങൾ | മൃഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | അജയകുമാർ<br>വല്യൂഴത്തിൽ<br>കുറുങ്ങഴ പി.ഒ , പുല്ലാട്<br>വാർഡ്- 6 | 97 |
| 2 | ജൂലി ജോൺ<br>കണ്ണടമലയിൽ<br>കുന്നത്തുംകര പി.ഒ<br>വാർഡ് - 13 | 27 |

കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012-പ്രകാരം അഞ്ച് മൃഗങ്ങളിൽ കൂടുതലുള്ള കന്നുകാലി ഫാം , നൂറ് പക്ഷികളിൽ കൂടുതലുള്ള പൗൾട്രി ഫാം എന്നിവ നടത്തുന്നതിന് ലൈസൻസ് ആവശ്യമാണ്. മേൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കേണ്ടതുമാണ്. ചട്ടങ്ങൾ പാലിക്കാതെയുള്ള ലൈവ് സ്റ്റോക്ക് ഫാമുകളുടെ നടത്തിപ്പ് പരിസര മലിനീകരണത്തിന് കാരണമാകുകയും അതുവഴി ജനങ്ങളുടെ സ്വൈര ജീവിതത്തിന് തടസ്സമുണ്ടാക്കുകയും ചെയ്യുമെന്നതിനാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നിബന്ധനകൾ പാലിക്കുന്ന ഫാമുകൾക്ക് മാത്രം ലൈസൻസ് നൽകാൻ ശ്രദ്ധിക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ ഇല്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

## 1-18 ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്കായുള്ള ടെൻഡർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. 2022-23 സാമ്പത്തിക വർഷം ടെണ്ടർ ഫോമുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെയാണ് കരാറുകാർക്ക് വിതരണം ചെയ്തിട്ടുള്ളത്.മരാമത്ത് പ്രവൃത്തികളുടെ അടങ്കൽ തുകയ്ക്ക് അനുസരിച്ച് ടെൻഡർ ഫോറത്തിന്റെ വില 300 രൂപ മുതൽ 2000 രൂപ വരെയാണ്. ടെണ്ടർ ഫോമുകളുടെ സ്റ്റോക്കും അവയുടെ വിതരണവും കൃത്യമല്ലെങ്കിൽ ടെണ്ടർ നടപടികളിൽ ഗുരുതരമായ ക്രമക്കേടുകൾക്ക് അവസരമുണ്ടാകും. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ടെണ്ടർ ഫോമുകൾ വാങ്ങുന്ന മുറയ്ക്ക് അവയെ സ്റ്റോക്കിലെടുക്കുന്നതിനും അവയുടെ വിതരണം രജിസ്റ്ററിൽ രേഖപ്പെടുത്തി നീക്കി ബാക്കി വിവരങ്ങൾ കൃത്യമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. അപാകം പരിഹരിക്കുന്നതിന് ഭരണതലനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി വരുമാനമായ വസ്തുനികുതിയിനത്തിൽ 2022-23 സാമ്പത്തിക വർഷം വാർഷിക ധനകാര്യപത്രിക പ്രകാരം 1454962 രൂപ ഈടാക്കാൻ അവശേഷിക്കുന്നു. തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Receivables For Property Tax On Residential Building ( Current) | 247883 |
| Receivables For Property Tax On Residential Buildings (Arrears) | 597973 |
| Receivables For Property Tax On Non-Residential Buildings- (Current) | 143755 |
| Receivables For Property Tax On Non-Residential Buildings (Arrears) | 465351 |
| Total | 1454962 |

കുടിശ്ശിക തുക ഈടാക്കുവാൻ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.21/23.08.2023 ) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ കുടിശ്ശിക തുകയിൽ പകുതിയിലധികവും പിരിച്ചെടുത്തിട്ടുണ്ടെന്നും ബാലൻസ് തുക ഈടാക്കുന്നതിനായി ഡിമാൻഡ് നോട്ടീസ് നൽകിയിട്ടു ണ്ടെന്നും വസ്തു നികുതി പരിഷ്കരണം പ്രാബല്യത്തിൽ വരുന്നതിനാൽ കുടിശ്ശി കക്കാരിൽ നിന്നും അടിയന്തിരമായി റെവന്യൂ റിക്കവറി

ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതാണെന്നം ം അറിയിച്ചിട്ടുണ്ട്.

ഗാർഹിക ഗാർഹികേതര വസ്തു നികുതി കുടിശ്ശികയായി അവശേഷിക്കുന്നതിൽ വലിയ തുക ഒടുക്കാനുള്ള ചില കെട്ടിട ഉടമകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് വിവരം | കുടിശ്ശിക തുക |
|---|---|---|---|
| 1 | 16/72 | ചാർളി പി സാം, കാനാവിൽ പുന്നയ്ക്കൽ, കുമ്പനാട് | 12855 |
| 2 | 12/534A | അലക്സ് ജോർജ്ജ്, മംഗലപുരത്ത് കുറ്റിയിൽ, കുമ്പനാട് | 11002 |
| 3 | 9/209 | വിഷ്ണു കുമാർ&മായ, പുത്തൻപറമ്പിൽ, കടപ്ര | 12174 |
| 4 | 4/447 | സുധീന്ദ്ര കുമാർ, ശ്രീനാരായണപുരത്ത്, കുറവൻകുഴി | 20396 |
| 5 | 7/851 | ഏലിയാമ്മ തോമസ്, ഇടത്തിമലയിൽ, കുമ്പനാട് | 6499 |
| 6 | 7/1065 | കെ.അനന്തഗോപൻ, സി.പി.ഐ.എം.താലൂക്ക് സെക്രട്ടറി, പുല്ലാട് | 8460 |
| 7 | 7/1263 | കെ.എ.വർക്കി, കോലത്ത്, പുല്ലാട് | 7650 |
| 8 | 12/534 | എലിസബത്ത് അലക്സ്, മംഗലപുരത്ത് ,കടപ്ര | 22434 |
| 9 | 2/162 | തോമസ് ജോർജ്ജ്, മണക്കളത്തിൽ വീട്, കുറുങ്ങഴ | 11180 |
| 10 | 1/652 | സി.മാത്യു ജോൺ, ചെമ്പനാൽ, കുമ്പനാട് | 4161 |
| 11 | 10/209 | വിഷ്ണു കുമാർ&മായ, പുത്തൻപറമ്പിൽ, കടപ്ര | 12174 |
| 12 | 3/676 | അജയകുമാർ വി.ആർ/എം.വി.മോഹനൻ<br>കുറുങ്ങഴ ചാരിറ്റബിൾ ട്രസ്റ്റ്, പുല്ലാട് | 5357 |
| 13 | 1/1009 | ജോർജ്ജ് പി ഈശോ, പുരയ്ക്കൽ പുത്തൻവീട്,കുമ്പനാട് | 4770 |
| 14 | 7/189 | സെക്രട്ടറി, കരയോഗ മന്ദിരം, പുല്ലാട് | 3048 |
| 15 | 7/1043 | രാജേഷ് കുമാർ, സൗഗന്ധിക , പുല്ലാട് | 4712 |
| 16 | 13/886 | ബാബു ജോസഫ്, മുകളുകാലായിൽ, നെല്ലിമല | 4784 |
| 17 | 15/1092 | ഷേർളി ജോൺ/വർഗ്ഗീസ് ജോർജജ് , വരിക്കോലിൽ, വരയന്നൂർ | 4347 |
| 18 | 16/390 | സി.ജെ.മാത്യു, ചിറ്റേഴത്ത്, കുമ്പനാട് | 3296 |
| 19 | 16/391 | സി.ജെ.മാത്യു, ചിറ്റേഴത്ത്, കുമ്പനാട് | 3296 |
| 20 | 16/392 | സി.ജെ.മാത്യു, ചിറ്റേഴത്ത്, കുമ്പനാട് | 3296 |
| 21 | 16/393 | സി.ജെ.മാത്യു, ചിറ്റേഴത്ത്, കുമ്പനാട് | 3296 |
| 22 | 16/393A | സി.ജെ.മാത്യു, ചിറ്റേഴത്ത്, കുമ്പനാട് | 3740 |
| 23 | 16/393B | സി.ജെ.മാത്യു, ചിറ്റേഴത്ത്, കുമ്പനാട് | 3740 |
| 24 | 1/603 | അന്നമ്മ ഈപ്പൻ, കിഴക്കേകടവം, പുല്ലാട് | 4348 |
| 25 | 5/446 | ഒ.വി.മാത്യു, ഉമ്മക്കുഴ, പുല്ലാട് | 2900 |
| 26 | 6/287 | വിജയശ്രീ, പന്തപ്ലാവിൽ, പുല്ലാട് | 2734 |
| 27 | 7/158 | അരുൺ മോഹൻ, പുളിച്ചിമാങ്കൽ, പുല്ലാട് | 3194 |
| 28 | 7/1012 | ജോസ് എം.റ്റി, തുമ്പേപ്പടവിൽ, പുല്ലാട് | 6464 |
| 29 | 7/258 | പരമേശ്വരൻ പിള്ള, കൊയ്പ്പാട്ട് മേമുറിയിൽ, പുല്ലാട് | 5860 |
| 30 | 9/882 | ജോസ് മാത്യു, അടപ്പനാം കണ്ടത്തിൽ, കോയിപ്രം | 5925 |
| 31 | 10/882 | ജോസ് മാത്യു, അടപ്പനാം കണ്ടത്തിൽ, കോയിപ്രം | 5925 |
| 32 | 12/470 | സന്തോഷ് കുമാർ പി.കെ, കുർത്തമല പുതുപ്പുരയ്ക്കൽ,കോയിപ്രം | 6640 |
| 33 | 13/159 | രാജേഷ് നാരായണൻ,കുട്ടമത്ത് മലയിൽ, കുമ്പനാട് | 3498 |
| 34 | 16/757 | സാം ചാണ്ടി/മറിയാമ്മ തോമസ്, തേവർകാട്ടിൽ, കുമ്പനാട് | 5590 |
| | | | |

പഞ്ചായത്തിന്റെ നിയമപരമായ ചുമതലകളും ദൈനം ദിന പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് തനത് ഫണ്ട് വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വസ്തുനികുതി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക പിരിച്ചെടുക്കുന്ന വിഷയത്തിൽ ഭരണസമിതിയുടെയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-20 ലൈഫ് ഭവന പദ്ധതി- ഇല്ലാത്ത വായ്പയ്ക്ക് വികസന ഫണ്ടിൽ നിന്നും തുക കുറവ് ചെയ്തു

ലൈഫ് ഭവന പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് വായ്പ എടുത്തിട്ടില്ല. 2022-23 സാമ്പത്തിക വർഷം ഇല്ലാത്ത വായ്പയുടെ പേരിൽ പ്രത്യേക ഘടക പദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി അലോട്ട്മെന്റുകളിൽ നിന്നും തുക സ്രോതസ്സിൽ കുറവ് ചെയ്യുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉത്തരവ് നം./തീയതി | വിഭാഗം | ഈടാക്കിയ തുക |
|---|---|---|
| G.O (Rt) No. 1049/Fin. Dt. 13-02-2022 | എസ്.സി.പി. | 111598 |
| G.O (Rt) No. 6872/Fin. Dt. 12-10-2022 | ,, | 111598 |
| G.O (Rt) No. 1049/Fin. Dt. 13-02-2022 | റ്റി.എസ്.പി. | 6975 |
| G.O (Rt) No. 6872/Fin. Dt. 12-10-2022 | ,, | 6975 |
| ആകെ | | 237146 |

കുറവ് ചെയ്ത 2,37,146 രൂപ തിരികെ അനുവദിക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 13/21-08-2023), തുക തിരികെ ലഭിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും (ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 1(6), തീയതി: 04-01-2023) തുക നാളിതുവരെ ക്രമീകരിച്ച് നൽകിയിട്ടില്ലെന്നും അറിയിക്കുകയുണ്ടായി. ആയത് ക്രമീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 പൊതുടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധനയുടെ തുടർനടപടികൾ പൂർത്തിയാക്കിയില്ല. ലക്ഷങ്ങളുടെ പഞ്ചായത്ത് ഫണ്ട് പാഴാകുന്നു

ഗ്രാമപഞ്ചായത്തിലെ 308 പൊതുടാപ്പുകളുടെ വെള്ളക്കരമായി 2022-23 സാമ്പത്തിക വർഷം 2007830/- രൂപ തിരുവല്ല, ജല അതോറിറ്റിയിൽ നിന്നുള്ള നിന്നുള്ള ഡിമാൻഡ് നോട്ടീസ് പ്രകാരം ഒടുക്കിയിട്ടുണ്ട്. 2023 ഫെബ്രുവരി മാസം വരെ പ്രതിമാസം 148559 രൂപയായിരുന്ന ഡിമാന്റ് തുക 2023 മാർച്ച് മുതൽ 373681 രൂപയായി ഉയർന്നു. വെള്ളക്കരത്തിലുണ്ടായ ക്രമാതീതമായ വർദ്ധന കാരണം പഞ്ചായത്തിന്റെ തനത് ഫണ്ട് ചെലവിലും വർദ്ധനവ് ഉണ്ടാകുന്നുണ്ട്.

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഭീമമായ തുകയാണ് ഗ്രാമപഞ്ചായത്ത് ഓരോ മാസവും ഒടുക്കു വരുത്തിക്കൊണ്ടിരിക്കുന്നത്. നിലവിലുള്ള 308 പൊതുടാപ്പുകളിൽ മിക്കവയും ഉപയോഗശൂന്യമായതും എല്ലാ വാർഡുകളിലും ജലജീവൻ മിഷന്റെ ഭാഗമായി ഇതിനോടൊപ്പം 863 വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ നൽകിയിട്ടുള്ളതും അതിന്റെ തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നതുമാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19.04.2022 ലെ സ.ഉ.(കൈ) നം/84/2022 ത.സ്വ.ഭ.വ ഉത്തരവിലെ 5.1.(7) ഖണ്ഡിക പ്രകാരം തനത് ഫണ്ടിലെ അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിന്റെ ഭാഗമായി വാട്ടർ അതോറിറ്റി അധികൃതരുമായി ചേർന്ന് അടിയന്തിരമായി എല്ലാ വാർഡുകളിലും സംയുക്ത പരിശോധന നടത്തി ഉപയോഗശൂന്യമായ എല്ലാ പൊതുടാപ്പുകളും റദ്ദ് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.01.2023ലെ 4(1) നമ്പർ തീരുമാന പ്രകാരം കേരള വാട്ടർ അതോറിറ്റി പുല്ലാട് അസി.എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. പ്രവർത്തന ക്ഷമമായതും നിലനിർത്തേണ്ടതുമായ ടാപ്പുകളുടെ എണ്ണം 87 ആയി നിജപ്പെടുത്തിയതിന്റെ വിവരം ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ടോ തുടർനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങളോ ഫയലിൽ ലഭ്യമല്ല.

2023 ഫെബ്രുവരി മാസം വരെ ഒരു ടാപ്പിന് ഒരു വർഷം 5788.13 രൂപയായിരുന്നത് മാർച്ച് മാസം മുതൽ 14559.12 രൂപയായി വർദ്ധിപ്പിച്ചു. 2023 ജൂലൈ മാസത്തിലെ ബിൽ പ്രകാരവും 308 ടാപ്പുകളുടെ വെള്ളക്കരമായി 373681 രൂപയാണ് ഗ്രാമപഞ്ചായത്ത് ഒടുക്കിയിട്ടുള്ളത്. സംയുക്ത പരിശോധന പ്രകാരമുള്ള ടാപ്പുകളുടെ എണ്ണം കണക്കിലെടുത്താൽ സാമ്പത്തിക വർഷത്തെ ചെലവ് 12.66 ലക്ഷം മാത്രം മതിയാകുമ്പോൾ നിലവിൽ 44.84 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിനു അടവാക്കേണ്ടി വരുന്നുണ്ട്. അതായത് പ്രതിവർഷം 32.18 ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നുണ്ട്. സംയുക്ത പരിശോധന പ്രകാരമുള്ള നടപടി ക്രമങ്ങൾ വേഗത്തിലാക്കുന്നതിനും പ്രവർത്തന ക്ഷമമായ ടാപ്പുകൾക്കുമാത്രം കരം ഒടുക്കുന്നതിനുമുള്ള കർശന നടപടി സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.ടി വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം -പുരോഗതി സംബന്ധിച്ച്

സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം നടപ്പാക്കുന്നതിനായി കെൽട്രോണിന് 192900 രൂപ(BRN നം 425083/21.03.23 ) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രോഫോമ ഇൻവോയ്സ് നം SGMS A/2667/22-23 /14.03.23 പ്രകാരം ലാപ്ടോപ്പ്, QR കോഡ് പ്രിന്റിങ് എന്നിവയ്ക്ക് 62000 രൂപയും, പ്രോഫോമ ഇൻവോയ്സ് നം SGMS /613/22-23 പ്രകാരം സർവീസ് ചാർജ്, SMS ചാർജ് എന്നിവയ്ക്ക് 142900 രൂപയുമാണ് ഒടുക്കേണ്ടിയിരുന്നത്. 204900 രൂപ ഒടുക്കേണ്ട സ്ഥാനത് 12000 രൂപ കുറച്ചുള്ള തുകയാണ് ഒടുക്കിയത്. ഈവിധം തുക കുറവായി ക്രമീകരിച്ചതിന്റെയും മറ്റ് വിശദാംശങ്ങളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.10/21.08.22) മറുപടിയിൽ മാർച്ച് മാസം QR കോഡ് ലഭിക്കില്ല എന്ന കാരണത്താലാണ് തുക കുറവായി അടവാക്കിയതെന്നും 2023-24 വർഷം ലഭിച്ച 7000 സ്റ്റിക്കറുകളിൽ 3000 എണ്ണം പതിപ്പിച്ചിട്ടുമുണ്ട് എന്ന് അറിയിക്കുകയുണ്ടായി.നിലവിൽ ആയതിന്റെ പുരോഗതി മോണിട്ടർ ചെയ്യുന്നതിന് ലാപ്ടോപ്പ് ഉപയോഗിക്കുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട് .

## 1-23 മരണപ്പെട്ടവരെയും, അനർഹരെയും സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും സമയബന്ധിതമായി ഒഴിവാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് സേവന സോഫ്റ്റ്‌വെയറിലെ വിവരങ്ങളും മരണരജിസ്ട്രേഷൻ വിവരങ്ങളും പരിശോധിച്ചതിൽ നിന്ന് മരണപ്പെട്ടവരുടെയും, പുനർവിവാഹം കഴിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നവരുടെയും, മസ്റ്ററിംഗ് പൂർത്തിയാക്കാത്തവരുടേയും പേരുകൾ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും നീക്കിയിട്ടില്ലെന്ന് വ്യക്തമായി. മരണപ്പെടുകയും, എന്നാൽ സേവന പെൻഷൻ ഡാറ്റാബേസിൽ പെൻഷൻ ഗുണഭോക്താക്കളായി തുടരുകയും ചെയ്യുവരാണ് മസ്റ്ററിംഗ് പൂർത്തിയാക്കാതിരുന്നതെന്നാണ് വ്യക്തമാകുന്നത്. ഗ്രാമപഞ്ചായത്തിലെ ഡയറക്ട് ടു ഹോം/ബാങ്ക് രീതിയിൽ പെൻഷൻ തുക കൈപ്പറ്റിയിരുന്ന വ്യക്തികളുടെ അക്കൗണ്ടിലേക്ക് മരണശേഷവും അനർഹമായി പെൻഷൻ തുക എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ തുക വ്യക്തികൾ കൈപ്പറ്റിയിട്ടില്ലെന്ന് സേവന സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനും അനർഹമായി ബാങ്കുകളിലെത്തിയ തുക തിരികെ അടവാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. മരണപ്പെട്ട വ്യക്തികൾ ആക്ടീവ് പെൻഷനേഴ്സ് ലിസ്റ്റിൽ തുടരുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം | പെൻഷണറുടെ പേര് | പെൻഷൻ ഇനം | പെൻഷൻ ഐ ഡി | അക്കൗണ്ട് മോഡ് | അനർഹമായ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | തങ്കമ്മ | കർഷക തൊഴിലാളി പെൻഷൻ | ******00065 (മരണ തീയതി 16/7/2019) | ബാങ്ക് | 69400 | മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല |
| 2 | ചിന്ന | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | ******200284 (മരണ തീയതി 14/5/2019) | ഡയറക്റ്റ് റ്റു ഹോം | 73200 | മസ്റ്ററിംഗ് നടത്തുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്തതിനാൽ ബാങ്ക് പെൻഷൻ തുക തടഞ്ഞ് വച്ചിരിക്കുന്നു. |
| 3 | കുഞ്ഞമ്മ | കർഷക തൊഴിലാളി പെൻഷൻ | ******100051 (മരണ തീയതി 7 /18) | ഡയറക്റ്റ് റ്റു ഹോം | 83000 | മസ്റ്ററിംഗ് നടത്തുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്തതിനാൽ ബാങ്ക് പെൻഷൻ തുക തടഞ്ഞ് വച്ചിരിക്കുന്നു |
| 4 | കുഞ്ഞോൻ പാപ്പി | കർഷക തൊഴിലാളി പെൻഷൻ | ******100268 (മരണ തീയതി 7/18) | ഡയറക്റ്റ് റ്റു ഹോം | 69400 | മസ്റ്ററിംഗ് നടത്തുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്തതിനാൽ ബാങ്ക് പെൻഷൻ തുക തടഞ്ഞ് വച്ചിരിക്കുന്നു |
| 5 | അമ്മിണി തോമസ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ******201781 (മരണ തീയതി 7/18) | ഡയറക്റ്റ് റ്റു ഹോം | 85200 | മസ്റ്ററിംഗ് നടത്തുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്തതിനാൽ ബാങ്ക് പെൻഷൻ തുക തടഞ്ഞ് വച്ചിരിക്കുന്നു |
| 6 | അന്നമ്മ തമ്പി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ******202360 | ഡയറക്റ്റ് റ്റു ഹോം | 67000 | മസ്റ്ററിംഗ് നടത്തുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്തതിനാൽ ബാങ്ക് പെൻഷൻ തുക തടഞ്ഞ് വച്ചിരിക്കുന്നു |
| 7 | പങ്കജാക്ഷിയമ്മ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | *******202076 | ബാങ്ക് | 73200 | മസ്റ്ററിംഗ് നടത്തുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്തതിനാൽ ബാങ്ക് പെൻഷൻ തുക തടഞ്ഞ് വച്ചിരിക്കുന്നു |
| 8 | ജാനകി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | *******201815 (മരണ തീയതി 4/19 | ഡയറക്റ്റ് റ്റു ഹോം | 31300 | മസ്റ്ററിംഗ് നടത്തുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്തതിനാൽ ബാങ്ക് പെൻഷൻ തുക തടഞ്ഞ് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | വച്ചിരിക്കുന്നു |
| 9 | ഭവാനിയമ്മ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ******201988 4/19 | ഡയറക്റ്റ് ഹോം | 77700 | മസ്റ്ററിംഗ് നടത്തുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്തതിനാൽ ബാങ്ക് പെൻഷൻ തുക തടഞ്ഞ് വച്ചിരിക്കുന്നു |
| 10 | അമ്മിണി തോമസ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ******201781 11/18 | ഡയറക്റ്റ് ഹോം | 85200 | മസ്റ്ററിംഗ് നടത്തുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്തതിനാൽ ബാങ്ക് പെൻഷൻ തുക തടഞ്ഞ് വച്ചിരിക്കുന്നു |
| 11 | കരുണാകരൻ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ******201989 | ബാങ്ക് | 72600 | മസ്റ്ററിംഗ് നടത്തുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്തതിനാൽ ബാങ്ക് പെൻഷൻ തുക തടഞ്ഞ് വച്ചിരിക്കുന്നു |
| 12 | സരോജിനി കേശവൻ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | ******0600227 3/2018 | ഡയറക്റ്റ് ഹോം | 87400 | മസ്റ്ററിംഗ് നടത്തുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്യാത്തതിനാൽ ബാങ്ക് പെൻഷൻ തുക തടഞ്ഞ് വച്ചിരിക്കുന്നു |
| 13 | സൂസമ്മ മാത്യു | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | ******0600214 | ഡയറക്റ്റ് ഹോം | 109200 | മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല/പുനർവിവാഹിത അല്ല സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല |
| 14 | രാജമ്മ എം എൻ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | ******600752 | ബാങ്ക് | 69400 | സ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല/പുനർവിവാഹിത അല്ല സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല |
| 15 | ഭാർഗവി തങ്കപ്പൻ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | *******601187 | ബാങ്ക് | 9600 | Account Closed Or Transferred |

മസ്റ്ററിംഗ് പൂർത്തിയാക്കാത്തതിനാലും, DBT-ൽ രേഖപ്പെടുത്തിയിട്ടുള്ള മറ്റ് കാരണങ്ങളാലും ഇവരുടെ പെൻഷൻ ബാങ്കുകൾ തടഞ്ഞുവെക്കുന്നുണ്ടെങ്കിലും ഈ തുക സർക്കാരിലേക്ക്/പെൻഷൻ ഫണ്ടിലേക്ക് യഥാസമയം തിരികെ അടവാക്കുന്നുണ്ടോയെന്ന് വ്യക്തമല്ല. ഇവർ ഡാറ്റാബേസിൽ ആക്ടീവ് പെൻഷണേഴ്സായി നിലനിൽക്കുന്നതിനാൽ ഇവർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള തുകയും ഒരോ തവണയും സർക്കാർ ഖജനാവിൽനിന്നും ബാങ്കുകൾക്ക് അനുവദിച്ചുവരുന്നു. സഹകരണ ബാങ്കുകൾ മുഖാന്തിരം പെൻഷൻ കൈപ്പറ്റുന്നവരുടെ തുക ഇപ്രകാരം തിരിച്ചടച്ചാലും പെൻഷൻ വിതരണം ചെയ്യുന്ന ഏജന്റൻമാർക്കുള്ള കമ്മീഷൻ തിരിച്ചടക്കേണ്ടതില്ല. ഈ ഇനത്തിൽ സർക്കാർ ഫണ്ടിന്

നഷ്ടമുണ്ടാകുന്നുണ്ട്.

മരണപ്പെട്ടവരെയും, നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് ഉത്തരവാദിത്തമുണ്ട്. ഓരോ പെൻഷൻ വിതരണത്തിനു ശേഷവും സേവന പോർട്ടലിൽ പെൻഷൻ സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്കിന്റെ ലോഗിനിൽ ലഭ്യമാകുന്ന Bill Discrepancy Report പരിശോധിച്ച് ഇത്തരക്കാരെ ഒഴിവാക്കേണ്ടതായിരുന്നു. ഇക്കാര്യത്തിൽ പഞ്ചായത്തിന് വീഴ്ചയുണ്ടായിട്ടുണ്ട്. ബിൽ ഡിസ്ക്രപ്പൻസി റിപ്പോർട്ട് പരിശോധിച്ച് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മരണപ്പെട്ടവരെയും അനർഹരെയും പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-24 സാന്ത്വന പരിചരണം - വാഹന വാടകനൽകിയതു സംബന്ധിച്ച്

സാന്ത്വന പരിചരണം പ്രോജക്ടിന്റെ ഭാഗമായി വാഹനം വാടകയ്ക്കെടുത്തതിന്റെ ചെലവായി 275824 രൂപ വൗച്ചർ നമ്പർ1/25.6.22 പ്രകാരം ശ്രീ സോമൻ പുല്ലാട് എന്ന വ്യക്തിയ്ക്ക് നൽകിയിട്ടുണ്ട്.
ഇതുമായി ബന്ധപ്പെട്ട് ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.
1. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ സ.ഉ.(സാധ)നം 553/19/ത.സ്വ.ഭ.വ തീയതി 07.03.19, ഖണ്ഡിക 2.8 ഹോം കെയർ വാഹനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളിൽ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റേയോ, ആരോഗ്യ സ്ഥാപനത്തിന്റേയോ വാഹനം ലഭ്യമാകാത്ത സാഹചര്യത്തിൽ വാഹനം ദിവസം/മാസവാടകയ്ക്കെടുക്കാം എന്ന് പറയുന്നുണ്ട്. അതിനായി നിർവ്വഹണ ഉദ്യോഗസ്ഥർ സ്റ്റോർ പർച്ചേസ് മാനദണ്ഡപ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ പ്രതിദിന / പ്രതിമാസ നിരക്ക് ക്വാട്ട് ചെയ്യുന്ന വാഹനം വാടകയ്ക്ക് എടുക്കേണ്ടതാണെന്നും ക്വട്ടേഷൻ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി അംഗീകരിക്കണമെന്നും ക്വട്ടേഷൻ കാലാവധി ഒരു വർഷമായിരിക്കണമെന്നും നിർദ്ദേശമുണ്ട്. ഇതിനു വിരുദ്ധമായി 2018-19 വർഷം ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ സോമൻ പുല്ലാടിന്റെ വാഹനം തന്നെയാണ് 19-20, 20-21, 21-22 വർഷങ്ങളിലും ടി ആവശ്യത്തിനായി ഉപയോഗിച്ചിരിക്കുന്നത് ഓരോ വർഷവും ക്വട്ടേഷൻ ക്ഷണിക്കണമെന്ന നിബന്ധന ഇവിടെ പാലിച്ചിട്ടില്ല.
2. 2018-19 ലെ ക്വട്ടേഷൻ നിരക്ക് 2020-21 വരെ തുടർന്നതായും 2021-22 ൽ 1450 രൂപയായി പ്രതിദിന നിരക്ക് നിശ്ചയിച്ച് വാടക നൽകിയതായും ട്രിപ്പ് ഷീറ്റ് പരിശോധിച്ചതിൽ കണ്ടു. എന്നാൽ വാഹന വാടക ഉയർത്തി നൽകിയതിനെ സാധൂകരിക്കുന്ന പി.എം.സി മിനിട്സ് ഹാജരാക്കിയില്ല.
3. ഹാജരാക്കിയ ട്രിപ്പ് ഷീറ്റുകളിൽ 3/21 ന് ശേഷം 11/21, 12/21, 1/22, 2/22, 3/22, എന്നീ മാസങ്ങളിലേതാണ് ഉള്ളത്. 04./21 മുതൽ 10/21 വരെയുള്ള വാടക നൽകിയതിനെ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.
4. ജനുവരി 2022 ൽ 3, 4, 5, 6, 10, 12, 13, 17, 18, 20, 21, 26, 27, തീയതികളിൽ വാഹനം ഓടിയതിന്റെ വാടക നൽകിയതിൽ 5, 6, 10, 12 തീയതികളിലെ ചെലവിൽ ഇരട്ടിപ്പ് വന്നിട്ടുണ്ട്. ടി ദിനങ്ങളിലെ വാടകയിനത്തിൽ നൽകിയ 1450x4 = 5800 രൂപ തിരികെ ഈടാക്കേണ്ടതാണ്.
5. 16.07.21 ലെ പി.എം.സി യുടെ 1ാം തീരുമാനത്തിൽ നിലവിലുള്ള വാഹനം അതേ നിരക്കിൽ തന്നെ തുടരുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ 1450 രൂപ പ്രതിദിന നിരക്കിൽ ആണ് 2021-22 വർഷം വാടക നൽകിയിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണവും ആവശ്യമായ രേഖകളും ഹാജരാക്കേണ്ടതാണ്. അധികമായി നൽകിയ വാടക 5800 രൂപ തിരികെ ഈടാക്കേണ്ടതുമാണ്.

## 1-25 സംയുക്ത പദ്ധതികളുടെ നിർവ്വഹണം- മുൻവർഷങ്ങളിൽ ലഭിച്ച 58,93,728 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു

സംയുക്ത പദ്ധതികളുടെ നിർവഹണത്തിനായി ലഭിക്കുന്ന ഫണ്ടുകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ നിലനിർത്തുന്നത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. സംയുക്ത പ്രോജക്ടുകളുടെ വിഭവ വിനിയോഗത്തിന് 23.01.2017-ലെ ജി.ഒ.(പി.)നം.07/2017/ധന. നമ്പർ ഉത്തരവ് പ്രകാരം ധനവകുപ്പ് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന തുക അതേവർഷം ചെലവഴിക്കാൻ കഴിയില്ലെങ്കിൽ ഫെബ്രുവരി 28-നകം തുക നൽകിയ തദ്ദേശഭരണ സ്ഥാപനത്തിന് തിരികെ നൽകണം. സാമ്പത്തിക വർഷാന്ത്യത്തിൽ സംയുക്ത പ്രോജക്ടിന്റെ നിർവ്വഹണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, അക്കൗണ്ടിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് വിവിധ വർഷങ്ങളിലായി ലഭിച്ച തുകയിൽ 58,93,728 രൂപ ട്രഷറി

അക്കൗണ്ടിൽ (A/C No. 799011400001110) ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി വിശദാംശങ്ങൾ | സ്ഥാപനം | തുക ലഭിച്ച വർഷം | 31-03-2023-ൽ നീക്കിയിരുപ്പ് തുക |
|---|---|---|---|---|
| 01 | വിവിധ റോഡ് പ്രവൃത്തികൾ | ബ്ലോക്ക് പഞ്ചായത്ത്, കോയിപ്രം | 2019-20 വരെ | 3,38,418 |
| 02 | ഹരിത കർമ്മ സേന | „ | 2018-19 | 7,91,105 |
| 03 | ശ്മശാനം നിർമ്മാണം | ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട | 2016-17 | 40,00,000 |
| 04 | ലൈഫ് ഭവന പദ്ധതി | „ | 2019-20 | 7,64,205 |
| | | ആകെ | | 58,93,728 |

അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ചെലവഴിക്കാനാകാത്ത സാഹചര്യത്തിൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 പാതിവഴിയിൽ ഉപേക്ഷിച്ച സ്വപ്നപദ്ധതിയ്ക്ക് പുതുജീവൻ നൽകാൻ ശ്രമം ഉണ്ടാകേണ്ടതാണ്

2014-15 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നതിനായി സർവ്വേ നമ്പർ 45/7-ൽ 8.09 ആർ സ്ഥലം വാങ്ങുകയുണ്ടായി. എന്നാൽ നാളിതുവരെ എസ്.സി. കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിച്ച് നൽകിയില്ല. 2015-16-ൽ ഇതേ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി 17,02,620 രൂപ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പായില്ല.

2014-15-ൽ 17.40 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ സ്ഥലം ഫലപ്രദമായി ഉപയോഗിക്കാത്തതിനാൽ നിലവിൽ കാടുകയറി കിടക്കുകയാണ്. ഈ സ്ഥലം ഫലപ്രദമായി വിനിയോഗിക്കാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( നം. 23 തീയതി 23.08.2023), എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് വാങ്ങിയ സ്ഥലത്ത് മറ്റ് പ്രവൃത്തികൾ നടപ്പിലാക്കുന്നത് സാദ്ധ്യമല്ലാത്തതിനാലാണ് പദ്ധതികൾ ഒന്നും ആവിഷ്ക്കരിക്കാഞ്ഞത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് വാങ്ങിയ സ്ഥലത്ത് അവരുടെ ഉന്നമനത്തിനുതകുന്ന പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. അത് സാദ്ധ്യമാകാത്ത പക്ഷം വാങ്ങിയ സ്ഥലം ജനറൽ വിഭാഗത്തിനും ഉപയോഗിക്കത്തക്ക വിധമുള്ള പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങാവുന്നതാണ്.

കൂടാതെ ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്നതിനായി ജില്ലാപഞ്ചായത്തിൽ നിന്നും 2016-17 -ൽ ലഭിച്ച 40 ലക്ഷം രൂപ ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. അനുയോജ്യമായ സ്ഥലം ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കാതെ തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുകയാണ്. എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി വാങ്ങിയ സ്ഥലം ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്നതിന് അനുയോജ്യമെന്ന് തോന്നുന്ന പക്ഷം ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ച് ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്നതിനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്താവുന്നതാണ് (സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങിയതിനു ശേഷം മാത്രം). ആയതിനാൽ എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് വാങ്ങിയ സ്ഥലത്തിൽ ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്നതിനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതിന് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധയും ആർജ്ജവവും ഉണ്ടാവേണ്ടതാണ്.

## 1-27 റോഡിതര സംരക്ഷണ ഗ്രാന്റ് നഷ്ടപ്പെടുത്തിയത്-22.86 ലക്ഷം രൂപ

ഓഡിറ്റ് വർഷം റോഡിതര സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗത്തിൽ വീഴ്ചയുണ്ടായിട്ടുണ്ട്. റോഡിതര ആസ്തികളുടെ മെയിന്റനൻസിനായി മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. മെയിന്റനൻസ് പ്ലാൻ എന്നാൽ നിലവിലുള്ള ആസ്തികളുടെ സംരക്ഷണത്തിനായി നടത്തുന്ന അറ്റകുറ്റപ്പണികൾ എന്ന് മാത്രമല്ല

അർത്ഥമാക്കുന്നത്. ആസ്തികളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ആസ്തികളിലൂടെ നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തികൾ വിപുലപ്പെടുത്തി കൈമാറി കിട്ടിയ സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ടിയുള്ള പ്ലാൻ എന്നാണ് അർത്ഥമാക്കേണ്ടത് [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ- ഖ:6.8]. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും പ്രോജക്റ്റ് നിർദ്ദേശങ്ങൾ സ്വരൂപിക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ പ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റോഡിതര സംരക്ഷണ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് ലഭിച്ചത് | ചെലവ് | ഫണ്ട് ലാപ്സായത് | ചെലവ് ശതമാനം |
|---|---|---|---|
| 60,05,000 | 37,18,576 | 22,86,424 | 61.92 |

തൻവർഷം റോഡിതര സംരക്ഷണ ഫണ്ടിൽ നിന്നും ആവിഷ്കരിച്ച പദ്ധതികളിൽ, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വെറ്ററിനറി സർജൻ | 90000 | 90000 |
| മെഡിക്കൽ ഓഫീസർ -എഫ്.എച്ച്.സി. | 500000 | 499799 |
| മെഡിക്കൽ ഓഫീസർ- അയുർവേദം | 814463 | 814463 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 4868919 | 1669420 |
| ഹെഡ്മാസ്റ്റർ | 256620 | 254894 |
| കൃഷി ഓഫീസർ | 110000 | 110000 |
| സെക്രട്ടറി | 320000 | 280000 |
| ആകെ | 6960002 | 3718576 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 48,68,919 രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും 16,69,420 രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത് (34% മാത്രം). വിവിധ അങ്കണവാടികളുടെ നിർമ്മാണം/നവീകരണം, എൽ. പി./യു.പി സ്കൂൾ നവീകരണം എന്നീ പദ്ധതികൾ നടപ്പാക്കാൻ സാധിക്കാതെ വന്നതുമൂലമാണ് ഫണ്ട് നഷ്ടപ്പെടാൻ ഇടയായത്. 2022-23 വർഷം ലഭിച്ച ഫണ്ടിൽ നിന്നും 22,86,424 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായി. ഇത് തുടർന്നുള്ള വർഷങ്ങളിലെ പദ്ധതി പ്രവർത്തനങ്ങളെയും ബാധിക്കാൻ ഇടയാക്കും. ലഭ്യമായ റോഡിതര സംരക്ഷണ ഫണ്ട് വിനിയോഗിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും തദ്വാര ലഭ്യമായ ഫണ്ട് നഷ്ടപ്പെടുന്നതിനുള്ള സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 മരാമത്ത് പ്രവൃത്തികളിൽ സ്പിൽ ഓവർ പ്രവൃത്തികൾ കൂടുന്നു

മരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ അകാരണമായ കാലതാമസം നേരിടുന്നു. ഒരേ പ്രവൃത്തിതന്നെ വർഷങ്ങളോളം 'സ്പിൽ ഓവർ' ആയി തുടർന്നു പോരുന്ന സ്ഥിതിയാണുള്ളത്. തന്മൂലം അതത് വർഷത്തെ പദ്ധതി പ്രവർത്തനത്തിന് തുക കണ്ടെത്താനാകാത്ത സാഹചര്യം സംജാതമാകുന്നു. 2022-23 സാമ്പത്തിക വർഷം 79 മരാമത്ത് പ്രവൃത്തികൾ വിഭാവനം ചെയ്തതിൽ 29 എണ്ണം മുൻ വർഷങ്ങളിൽ ആരംഭിച്ച് 'സ്പിൽ ഓവർ' ആയ പദ്ധതികളായിരുന്നു. അതിൽതന്നെ 2019-20 വർഷത്തിൽ നിർവ്വഹണം ആരംഭിച്ച പ്രവൃത്തികൾ വരെ ഉൾപ്പെടുന്നുണ്ട്. 'സ്പിൽ ഓവർ' പദ്ധതികൾക്കായി തൻവർഷം ലഭ്യമായ വിവിധ ഗ്രാന്റുകളിൽ നിന്നും വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | തുക |
|---|---|
| വികസന ഫണ്ട് | 2,98,476 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 22,68,703 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 28,62,998 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 29,91,612 |
| ആകെ | 84,21,789 |

വിവിധ കാരണങ്ങളാലാണ് പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുള്ളത്. ടെണ്ടർ/റീടെണ്ടർ നടത്തിയിട്ടും കരാറുകാർ ആരും പദ്ധതി ഏറ്റെടുക്കാതിരിക്കുക, കുറഞ്ഞ അടങ്കലിലുള്ള പദ്ധതി വിഭാവനം ചെയ്യുക, കെട്ടിട നിർമ്മാണം പോലുള്ള പദ്ധതികൾ കരാറുകാർ ഏറ്റെടുത്തിട്ട് വൈകിപ്പിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുക തുടങ്ങി പലകാരണങ്ങൾ മൂലമാണ് പദ്ധതികൾ സ്പിൽ ഓവർ ആകുന്നത്. സ്പിൽ ഓവർ പ്രവൃത്തികൾ വർദ്ധിക്കുന്നതുമൂലം തൻവർഷം ആവിഷ്കരിച്ച് നടപ്പാക്കേണ്ട പ്രവൃത്തികൾക്ക് മതിയായ ഫണ്ട് ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നു. ആയതിനാൽ അതത് വർഷം ആരംഭിക്കുന്ന പ്രോജക്ടുകൾ അതത് വർഷം തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-29 'ടേക്ക് -എ- ബ്രേക്ക് ' പദ്ധതി- കേസിനെ തുടർന്ന് പദ്ധതി മുടങ്ങിക്കിടക്കുന്നു

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27-07-2020-ലെ സ.ഉ.(സാധാ) നം. 1401/2020/തസ്വഭവ. ഉത്തരവ് പ്രകാരം 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടികളിൽ ടേക്ക്-എ-ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും പൊതുടോയ്‌ലറ്റുകളുടെ നിർമ്മാണവും സംബന്ധിച്ച് മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. മാർഗ്ഗരേഖ പ്രകാരം ഓരോ പഞ്ചായത്ത് പ്രദേശത്തും ഉയർന്ന നിലവാരമുള്ള രണ്ട് പൊതു ശുചിമുറി സമുച്ചയങ്ങൾ നിർമ്മിക്കുക (സംസ്ഥാന/ദേശീയ പാതയോരങ്ങൾ, വാണിജ്യകേന്ദ്രങ്ങൾ/പൊതു ഇടങ്ങൾക്ക് സമീപം, ബസ്സ്റ്റാന്റ്, ബസ്സ്റ്റോപ്പ് എന്നിവിടങ്ങൾ) എന്നതായിരുന്നു ലക്ഷ്യമിട്ടിരുന്നത്. കൂടാതെ നിലവിലുള്ള പൊതുശുചിമുറികളിൽ ഉപയോഗ ശൂന്യമായിട്ടുള്ളതോ പുനർനിർമ്മാണം ആവശ്യമായിട്ടുള്ളതോ ആയ ശുചിമുറികളുടെ നവീകരണം ഏറ്റെടുത്ത് പൂർത്തീകരിക്കുക എന്നതും പരിഗണനാർഹമായ വിഷയമായിരുന്നു.

കോയിപ്രം ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൻ കീഴിൽ രണ്ട് ടേക്ക്-എ- ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും ടോയ്‌ലറ്റുകളും നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 312/2020-21, 314/2020-21 |
| എഗ്രിമെന്റ് നം./തീയതി | 57/AE/LSGD/KPRM/2020-21, 22-01-2021 |
| | 56/AE/LSGD/KPRM/2020-21, 22-01-2021 |
| കരാറുകാരൻ | സഖറിയ തോമസ് |
| പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന സ്ഥലം/വാർഡ് | പുല്ലാട് മാർക്കറ്റ്, പി.ഐ.പി. കനാൽ ബണ്ട് പുല്ലാട് |

24,95,000 രൂപ അടങ്കലുള്ള പദ്ധതിക്കുവേണ്ടി ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ട് രണ്ടര വർഷം കഴിഞ്ഞിട്ടും പദ്ധതിയിൽ യാതൊരുവിധ പുരോഗതിയും കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 14/21-08-2023), രണ്ട് പദ്ധതികളുമായി ബന്ധപ്പെട്ടുള്ള പരാതിയെ തുടർന്ന് ഹൈക്കോടതിയിലും ഓംബുഡ്സ്മാനിലും കേസ് ആയി തീരുകയും ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ തൽസ്ഥിതി തുടരണമെന്നുള്ള കോടതി വിധിയെ തുടർന്ന് പദ്ധതി നാളിതുവരെ ആരംഭിച്ചിട്ടില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്. പദ്ധതി നടപ്പാക്കാനാകാത്ത സാഹചര്യം സംജാതമാകുകയാണെങ്കിൽ അനുയോജ്യമായ മറ്റ് സ്ഥലങ്ങൾ കണ്ടെത്തുന്നതും പരിഗണിക്കാവുന്നതാണ്.

## 1-30 മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പെട്ടവർക്ക് ആനുകൂല്യം നൽകുന്നു

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും (105/22-23)

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ആനുകൂല്യം നൽകുന്നതിന് സ്വീകരിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയിരുന്ന അടിസ്ഥാന രേഖയായ റേഷൻകാർഡ് (പകർപ്പ്) പ്രകാരം ചുവടെ പറയുന്ന കുട്ടികൾ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ ഉൾപ്പെട്ടവരാകാമെന്ന് കണ്ടു. വിശദാംശങ്ങൾ ചുവടെ.

| കുട്ടിയുടെ പേര് | രക്ഷാകർത്താവിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1. ശാരീരിക വൈകല്യമുള്ള കുട്ടികളുടെ അപേക്ഷകൾ | | |
| ശാലു സത്യൻ | സുനിത സത്യൻ | റേഷൻ കാർഡ് പ്രകാരം തിരുവല്ല മുനിസിപ്പാലിറ്റി |
| ദേവനന്ദ ഡി | ദേവകുമാർ ജി , നീതു | മാതാവ് നീതു ഉൾപ്പെടുന്ന റേഷൻ കാർഡ് കോയിപ്രം ഗ്രാമ പഞ്ചായത്തിലേത് ആണെങ്കിലും ദേവനന്ദ, നീതു എന്നിവരുടെ ആധാർ പ്രകാരം വിലാസം ആലപ്പുഴ ചമ്പക്കുളത്താണ്. |
| ജഫിൻ എബ്രഹാം | ജോളി ജോസ് | റേഷൻ കാർഡ് പ്രകാരം തിരുവല്ല മുനിസിപ്പാലിറ്റി |
| 2. മാനസിക വളർച്ചാ വൈകല്യമുള്ള കുട്ടികൾ | | |
| ജോയൽ ജയ്സൺ മാത്യു | ജയ്സൺ മാത്യു | റേഷൻ കാർഡ് പ്രകാരം കല്ലൂപ്പാറ പഞ്ചായത്ത് |
| മോസസ് ചാക്കോ | ചാക്കോ ദേവസ്യ | റേഷൻ കാർഡ് പകർപ്പില്ല. ആധാർ , ബർത്ത് സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം വിലാസം ചങ്ങനാശ്ശേരിയിലാണ് |
| ഷാലറ്റ് എസ് വിൽസൺ | വിൽസൺ എബ്രഹാം | റേഷൻ കാർഡ് പകർപ്പില്ല.<br>ആധാർ , ബർത്ത് സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം വിലാസം ഇരവിപേരൂരാണ്. |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.11/21.08.23) , ടി വിദ്യാർത്ഥികൾ എല്ലാം കോയിപ്രം ഗ്രാമപഞ്ചായത്തിൽ താമസിക്കുന്നവരാണെന്ന് അങ്കണവാടി പ്രവർത്തകരുടെ അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകി. പരിശോധനയിൽ മേൽ വിദ്യാർത്ഥികൾ മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നേടിയിട്ടില്ലായെന്ന് വ്യക്തമായിട്ടുണ്ട്. എന്നിരുന്നാലും, സമർപ്പിത രേഖകളിൽ ഇത്തരം വ്യത്യാസങ്ങൾ ഉള്ള പക്ഷം ആധികാരികമായ റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1,50,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (എസ്.0082/23) | 1,50,000 | -- |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 50,000 | കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം (എസ്.0084/21) | 50,000 | -- |
| ജില്ലാ പഞ്ചായത്ത് | 494171 | പാലിയേറ്റീവ് പരിചരണം(25/22-23) | 494171 | - |
| ജില്ലാ പഞ്ചായത്ത് | 100000 | ലൈഫ് ഭവന നിർമാണംഎസ്.സി/എസ്.ടി (78/22-23) | 100000 | - |
| ജില്ലാ പഞ്ചായത്ത് | 250000 | അങ്കണവാടി പോഷകാഹാരം(1/22-23) | 250000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | അങ്കണവാടി പോഷകാഹാരം(1/22-23) | 200000 | -- |
| ജില്ലാ പഞ്ചായത്ത് | 250000 | ഭിന്നശേഷി കുട്ടികളുടെ സ്കോളർഷിപ്പ് , ബത്ത( 105/22-23) | 250000 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | ഭിന്നശേഷി കുട്ടികളുടെ സ്കോളർഷിപ്പ് , ബത്ത( 105/22-23) | 200000 | -- |

### 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|---|
| 1 | വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (എസ്.0014/23) | കെ.എസ്.ഇ.ബി. | 20,07,000 | ഇല്ല |
| 2 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കല് | വാട്ടർ അതോറിറ്റി | 49,511 | 49511 |

| | | | | |
|---|---|---|---|---|
| | (എസ്.0099/23) | | | |
| | ആകെ | | 2056511 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ലൈഫ് ഭവന പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് വായ്പ എടുത്തിട്ടില്ല. എന്നാൽ 2022-23 സാമ്പത്തിക വർഷം, പ്രത്യേക ഘടക പദ്ധതി, പട്ടിക വർഗ്ഗ ഉപ പദ്ധതി അലോട്ട്മെന്റുകളിൽ നിന്നും 2,37,146 രൂപ സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന തുക | 9528143 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 607417 |
| ആകെ | 10135560 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന തുക | 10135560 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ട്രഷറി/ബാങ്ക്/പോസ്റ്റോഫീസ്) | തുക നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക്, പുല്ലാട് (FD Number 40309200110282) | 17.6.2022 | 12 മാസം | 2009419 |
| 2 | കേരള ഗ്രാമീൺ ബാങ്ക്, പുല്ലാട് (FD Number- 40309200110284) | 29.6.2022 | 15 മാസം | 3800773 |
| 3 | പത്തനംതിട്ട ജില്ല സഹകരണ ബാങ്ക്, പുല്ലാട് (FD Number -42442) | 24.3.2023 | 12 മാസം | 534324 |
| 4 | പത്തനംതിട്ട ജില്ല സഹകരണ ബാങ്ക്, പുല്ലാട് (FD Number -17518) | 13.12.2022 | 12 മാസം | 3791044 |
| | ആകെ | | | 10135560 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തീയ്യതി |
|---|---|---|---|---|
| 2004-05 | 3-1 | 558 | ശ്രീ. അബ്ദുൾ സത്താർ വി.എം | 1220103596/01.09.2022 |
| 2014-15 | 3-19 | 9889 | സിഡ്കോ | 1220107740/14.03.2023 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം 4 | വസ്തു നികുതി സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | വസ്തു നികുതി സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി -അപാകത | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 127999410 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 122204359 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5800 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 5800 | ഡോ. വിമിത മുരളി<br>മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം

മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. വിമിത മുരളി<br>മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ<br>എഫ്.എച്ച്.സി<br>കോയിപ്രം ഗ്രാമപഞ്ചായത്ത് | വള്ളവുംകാലാ ഹൗസ്<br>തെങ്ങേലി പി.ഒ<br>കുറ്റൂർ<br>തിരുവല്ല |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം & റിപ്പോർട്ട് നമ്പർ | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച അവസാനത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2002-03(ചെലവ്)<br>എൽ.എഫ്.പിറ്റിഎ-പി5.702/2006<br>തീയതി 17.3.2007/15.12.2007 | അദാലത്ത് റിപ്പോർട്ട് നം.<br>കെ.എസ്.എ.പിറ്റിഎ-പി1-820(15)/2022<br>തീയതി 19.9.2022 | 6<br>(2-6, 2-7, 2-8, 2-11, 2-12, 2-24)<br>(വകുപ്പുതല നടപടിയ്ക്ക് ശുപാർശ ചെയ്യുവ) |
| 2003-04<br>എൽ.എഫ്.പിറ്റിഎ-പി7.207/2009<br>തീയതി 27.2.2010/22.10.2011 | " | 7<br>(3-21, 3-22, 3-23, 3-24, 3-25, 3-26, 3-29)<br>(വകുപ്പുതല നടപടിയ്ക്ക് ശുപാർശ ചെയ്യുവ) |
| 2004-05<br>എൽ.എഫ്.പിറ്റിഎ-പി7.208/2009<br>തീയതി 15.2.2010/28.10.2011 | " | 3<br>(3-13, 3-14, 3-15)<br>(വകുപ്പുതല നടപടിയ്ക്ക് ശുപാർശ ചെയ്യുവ) |
| 2009-10<br>എൽ.എഫ്.പിറ്റിഎ-പി5.1100/2011<br>തീയതി 30.12.2012/3.4.2014 | " | 3<br>(3-5, 3-14, 3-15)<br>(വകുപ്പുതല നടപടിയ്ക്ക് ശുപാർശ ചെയ്യുവ) |
| 2010-11 & 2011-12<br>കെ.എസ്.എ.പിറ്റിഎ.പി3-801/2011<br>തീയതി 11.2.2014/8.8.2014 | " | 14<br>(3-1, 3-2, 3-3, 3-4, 3-5, 3-8, 3-13, 3-14, 3-17, 3-18, 3-19, 3-22,<br>3-23, 3-24) |
| 2012-13<br>കെ.എസ്.എ.പിറ്റിഎ പി8-276/2015<br>തീയതി 7.8.2015/10.8.15 | " | 1<br>(3-1)B 1 To 13 |
| 2013-14& 2014-15<br>കെ.എസ്.എ.പിറ്റിഎ.പി8-115/2016 | " | 8<br>(2-1, 2-2, 2-5, 3-3, 3-10, 3-12, |

| | | |
|---|---|---|
| തീയതി 6.2.2016 | | 3-15, 3-19) |
| 2015-16<br>കെ.എസ്.എ.പി.റ്റി.എ./പി 8/31/17<br>തീയതി 30.01.2017 | ” | 5<br>(2-5, 3-3, 3-15, 3-18, 3-19) |
| 2016-17<br>കെഎസ്എ.പിറ്റിഎ.പി8-<br>കെ.എസ്.എ.പി.റ്റി.എ.പി8-1039/2017<br>തീയതി 11.09.2017 | ” | 5<br>(2-4, 3-5, 3-12, 3-14, 3-19) |
| 2017-18<br>കെഎസ്എ.പിറ്റിഎ.പി-3/1577/2018<br>തീയതി 5.1.2019 | ” | 3<br>(2-14, 2-17, 3-7) |
| 2018-19<br>കെ.എസ്.എ.പിറ്റിഎ.പി13/931/2019<br>തീയതി 02.12.2019 | ” | 6<br>(1-16, 1-17, 1-21, 1-22, 1-23, 1-24) |
| 2019-20<br>കെ.എസ്.എ.പി.ടി.എ.പി8 - 419/21<br>തീയതി 29.06.2021 | കെ.എസ്.എ.പി.റ്റി.എ.<br>പി8- 863/2021 തീയതി<br>05.01.2022 | 6<br>(1-11, 1-12, 1-13, 1-14, 1-16, 1-17) |
| 2020-21<br>കെഎസ്എ.പിറ്റിഎ.പി8-476/22<br>തീയതി 23.05.2022 | കെ.എസ്.എ.പി.റ്റി.എ.പി<br>8-1173/2022 തീയതി 14.12.2022 | 1-12,1-13,1-15,1-20,1-21,1-22,1-23,<br>1-27,1-30,1-32,4-2 |
| 2021-22<br>കെഎസ്എ.പിറ്റിഎ.പി8-908/22<br>തീയതി 08.11.2022 | കെഎസ്എ.പിറ്റിഎ.പി8-908/22<br>തീയതി 02.05.2023 | 11<br>(1-11[1, 2, 3], 1-12, 1-14[എ, ബി, സി], 1-15, 1-16, 1-17, 1-23[1, 2], 1-25, 1-28, 1-29, 1-31) |

അവശേഷിക്കുന്ന ഖണ്ഡികകളിലെ തടസ്സം തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 06-07-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the KOIPRAM Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of KOIPRAM Grama Panchayat for the year 2022-2023

Date: 20/09/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of KOIPRAM Grama Panchayat for the Year 2022-2023.

**1.Major Observations**

1. Non-disclosure of Assets -ÂÂ Assets not classified and valuated

2. Investment ÂÂ shown in AFS and concerned certificate does not match.
There is a difference of Rs. 2,23,003.

**2.Other Observations**

1. Amount used for asset creation using specific grant account not transferd to capital contribution and treated as revenue income

2. Mandatory financial Statements prescribed in accounting rules are not submitted for audit. eg. ratios.
3. Capital work in progress-The balance shown as Rs.12,95,605 were not

adjusted during the year. Registers/documents were not properly kept to support the accuracy of amount.

4. Loans, Advance, & Deposits- Balance amount shown under this head is not correct. Registers were not properly maintained for ascretaing the accuracy of the outstanding balance.
5. Accumulated Depreciation waterways- Depreciation provided for those Assets which are not included in the Asset head.

6. cash flow statement - "Net increase in cash and cash equivalents" for the period 2022-23 does not match with the difference between Opening Balance and Closing Balance of cash and cash equivalents.

7. Lapses in making timely and accurate demand entries in respect of tax and non tax revenue.

8. Recoveries Payable - CGST, SGST, VAT â Balance Sheet doest mot match with the actual amount.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്